10 (1459) സാമ്പത്തിക പ്രതിസന്ധി

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിൽ അധികമായി എത്രകോടി രൂപ ആവശ്യമായി വന്നിട്ടുണ്ട്;

(സി) ജീവനക്കാരുടെ ശമ്പളയിനത്തിൽ 1998 നവംബർ മാസം എത്ര കോടി രൂപ ചെലവായി;

(ഡി) 1999 ഫ്രെബ്രുവരി മാസം എത്ര കോടിരൂപ ചെലവായി?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധിയില്ല.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ പ്രതിവർഷം '904' കോടി രൂപ അധിക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ശമ്പള പരിഷ്കരണ ഉത്തരവ് പുറത്തിറങ്ങിയത് 25.11.98 ലാണ്. അക്കൗണ്ടന്റ് ജനറലിൽ നിന്ന് താൽക്കാലിക കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. അതിനാൽ അധികമായി ശമ്പള പരിഷ്കരണത്തിൽ എത്രകോടി രൂപ ഇതുവരെ വേണ്ടിവന്നിട്ടുണ്ട് എന്ന് അറിയുവാൻ കഴിയില്ല.

(സി)&(ഡി)കണക്കുകൾ ലഭ്യമല്ല 1998 ജൂൺ മാസം വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭിച്ചിട്ടുള്ളൂ. മാത്രമല്ല എ.ജി. യുടെ കണക്കിൽ നിന്നും ഇതു കൃത്യമായി വേർതിരിച്ചെടുക്കുവാനും ബുദ്ധിമുട്ടുണ്ട്.

11 (1460) നികുതിയിതര വരുമാനം

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98,1998-99 എന്നീ വർഷങ്ങളിൽ വിൽപനനികുതി, മോട്ടോർ വാഹന നികുതി, എക്സൈസ് വരവ്, സ്റ്റാമ്പ് വരവ് എന്നീ ഇനങ്ങളിൽ പ്രതീക്ഷിച്ച പിരിവും യഥാർത്ഥ പിരിവും എത്ര വീതമാണ്;

(ബി) പ്രതീക്ഷിച്ച പിരിവ് കുറയാൻ കാരണമെന്താണ്;

(സി) മൃഗസംരക്ഷണം, ആരോഗ്യം, കൃഷി, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്ന് 1997-98, 1998-99 വർഷങ്ങളിൽ പ്രതീക്ഷിച്ച നികുതിയിതര വരുമാനം എത്ര വീതമായിരുന്നു;

(ഡി) യഥാർത്ഥത്തിൽ ലഭിച്ചതെത്രയായിരുന്നു; വനംവകുപ്പിൽനിന്ന് ഈ കാലയളവിൽ പ്രതീക്ഷിച്ച നികുതിയിതരവരുമാനമെത്ര; യഥാർത്ഥത്തിൽ ലഭിച്ചതെത്ര;

(ഇ) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും ലഭിക്കുമെന്നു പ്രതീക്ഷിച്ച തുകയെത്രയായിരുന്നു; യഥാർത്ഥത്തിൽ കിട്ടിയ തുക എത്രയായിരുന്നു?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly